**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3871** **06-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ഡാം സേഫ്റ്റി അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എ. രാജ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കേന്ദ്ര ജല കമ്മീഷന്റെ ഗൈഡ് ലൈൻസ് ഫോർ പ്രിപെയറിംഗ് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് മാന്യവൽ ഫോർ ഡാം -ന്റെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര ജല കമ്മീഷന്റെ ഗൈഡ് ലൈൻസ് ഫോർ പ്രിപെയറിംഗ് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് മാന്യവൽ ഫോർ ഡാം എന്ന രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ജലവിഭവ വകുപ്പിനു കീഴിൽ വരുന്ന 19 ഡാം/ബാരേജ്/റെഗുലേറ്റർ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമുള്ള മാർഗ്ഗ രേഖയായ Operation and Maintenance Manual പുതുക്കി തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 15 ഡാം/ബാരേജുകളുടെ Operation and Maintenance Manual-ന് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓരോ ഡാമിനെയും പറ്റിയുള്ള പൊതുവായ വിവരങ്ങൾ, പദ്ധതിയുടെ പ്രവർത്തനം, ആവശ്യമായ പരിശോധനകൾ, ഡാമിന്റെ നിരീക്ഷണ സംവിധാനങ്ങൾ എന്നീ വിവരങ്ങൾ പ്രതിപാദിക്കുന്ന Operation and Maintenance Manual-ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് കേരളത്തിലെ ഡാമുകളുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. |
| (സി) | ജലവിഭവ വകുപ്പിൻ കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് അതോറിറ്റി നടത്തിയ എന്തെങ്കിലും പഠന റിപ്പോർട്ടോ നിർദ്ദേശങ്ങളോ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. കേരളത്തിലെ ഡാമുകളിൽ കാലാകാലങ്ങളിൽ ഡാം സേഫ്റ്റി അതോറിറ്റി പരിശോധന നടത്തുകയും അവയുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും ആവശ്യമായി സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും തുടർ നടപടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സർക്കാരിലേയ്ക്കും ഡാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള നിർദ്ദേശങ്ങൾ ഡാമുകളുടെ സുരക്ഷയ്ക്കായി നടപ്പിലാക്കി വരുന്നു. അതോറിറ്റിയുടെ ഒരു പ്രധാന ശിപാർശയായ മംഗലം ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡാമിന്റെ Desiltation പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. മറ്റു ഡാമുകളിലും പരിസരങ്ങളിലും അതോറിറ്റി നിർദ്ദേശിച്ചിരിക്കുന്ന പരിഹാര നടപടികൾ നടപ്പാക്കി വരുന്നു. |
| (ഡി) | ഡാമുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ? | (ഡി) | ഡാമുകളുടെ നവീകരണത്തിനായി 2012-ൽ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായ ത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്ന പദ്ധതി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. 327 കോടി രൂപയുടെ ഭരണാനുമതിയുള്ള ടി പദ്ധതിയുടെ Phase-I ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി ബാരേജ്, പെരിയാർ വാലി ബാരേജ് (ഭൂതത്താൻകെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 16 ഡാമുകൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 3 ഡാമുകളുടെ പ്രവൃത്തികൾ Phase-II ലേയ്ക്ക് ഏറ്റെടുത്ത് നടത്തി വരുന്നു. ഈ സാമ്പത്തിക വർഷം DRIP-ൽ ഉൾപ്പെട്ട പദ്ധതികൾക്കായി 65 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ